പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2260 10.10.2011- ലെ മറുപടി

## ഹരിപ്പാട് മാവേലിക്കര റൂട്ടിൽ ബസ് സർവ്വീസും ഡിപ്പോയിൽ എ.ടി.എം. സെന്ററും

ചോദ്യം ഉത്തരം

ശ്രീ. ആർ. രാജേഷ്

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | മാവേലിക്കര ഡിപ്പോയിൽ എ.ടി.എം സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടി ശബരിമല മണ്ഡലകാലത്തിന് മുൻപ് സ്വീകരിക്കുമോ; ഇതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ മാവേലിക്കര ബസ് സ്റ്റേഷൻ ഉൾപ്പടെയുള്ള മറ്റു പ്രധാന ബസ് സ്റ്റേഷനുകളിൽ A.T.M കൗണ്ടർ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. എന്നാൽ 2011 - 12 ശബരിമല മണ്ഡല-മകരവിളക്ക് കാലത്തിനുമുമ്പ് A.T.M കൗണ്ടർ ആരംഭിക്കാനുള്ള സാദ്ധ്യതയില്ല. ഈ നടപടിക്രമങ്ങൾക്ക് തൽക്കാലം മറ്റ് തടസ്സങ്ങൾ ഒന്നുംതന്നെയില്ല. |
| (ബി) | യാത്രക്കാരുടെ ആവശ്യം കൂടി കണക്കിലെടുത്ത് മാവേലിക്കര നിന്നും ബാംഗ്ലൂർ സർവ്വീസിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | കർണ്ണാടക സംസ്ഥാനവുമായുള്ള അന്തർ സംസ്ഥന കരാറിൽ വ്യവസ്ഥയില്ലാത്തതിനാൽ ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |
| (സി) | മാവേലിക്കര ഡിപ്പോയിൽ ജീവനക്കാരുടെയും ബസ്സിന്റെയും കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; | (സി) | മാവേലിക്കര ഡിപ്പോയിൽ ഡ്രൈവർ, മെക്കാനിക്ക്, ക്ലാർക്ക് എന്നീ വിഭാഗങ്ങളിൽ ജീവനക്കാരുടെ കുറവുള്ളതായി |

| | | | |
|---|---|---|---|
| | | | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എസ്.സി. യുടെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും മെക്കാനിക്കുകളേയും, ക്ലാർക്കുമാരേയും നിയമിക്കാനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായിവരുന്നു. ഡ്രൈവർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ അടിയന്തിരസ്വഭാവം കണക്കിലെടുത്ത് ഡ്രൈവർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മാവേലിക്കര ഡിപ്പോയിൽ നിലവിൽ 43 ഷെഡ്യൂളുകൾ നടത്തുന്നതിന് ആവശ്യമായ സ്പെയർ ബസ്സുകൾ ഉൾപ്പടെ ആകെ 47 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഹരിപ്പാട് - മാവേലിക്കര, അടൂർ - കൊട്ടാരക്കര ചെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുമോ ; ഇതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടോ ; | (ഡി) | ഹരിപ്പാട്, മാവേലിക്കര, പന്തളം, പത്തനംതിട്ട എന്നീ യൂണിറ്റുകളിൽ നിന്നുമായി ഹരിപ്പാട് - മാവേലിക്കര റൂട്ട് ഉൾപ്പെടുന്ന ഹരിപ്പാട് - പത്തനംതിട്ട റൂട്ടിൽ കെ.എസ്.ആർ.ടി.സി. കഴിഞ്ഞ രണ്ട് വർഷത്തിലേറെയായി 8 ചെയിൻ സർവ്വീസുകൾ നടത്തി വരുന്നുണ്ട്. ഈ റൂട്ടിൽ ചെയിൻ സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരികയാണ്. അടൂർ, ചടയമംഗലം എന്നീ യൂണിറ്റുകളിൽ നിന്നുമായി അടൂർ - കൊട്ടാരക്കര റൂട്ട് ഉൾപ്പെടുന്ന അടൂർ - ആയൂർ റൂട്ടിൽ 10 ചെയിൻ സർവ്വീസുകൾ ഇപ്പോൾ |

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി. നടത്തി വരുന്നുണ്ട്. |
| (ഇ) | ശബരിമല മണ്ഡലകാലത്തിന് മുൻപായി ഇടത്താവളമായ പടനിലത്തു നിന്നും പന്തളം വഴി പുതുതായി ബസ്സുകൾ അനുവദിക്കുമോ? | (ഇ) | ശബരിമല മഹോത്സവകാലത്ത് പ്രത്യേക സർവ്വീസ് നടത്തുന്ന കായംകുളം - പമ്പ ബസ്സുകൾ പടനിലം വഴിയാണ് കടന്നുപോകുന്നത്. ഇടത്താവളമായ ഇവിടെ പ്രത്യേക സർവ്വീസ് നടത്തുന്ന എല്ലാ ബസ്സുകൾക്കും 15 മിനിട്ട് ഇടവേളയും അനുവദിച്ചിട്ടുണ്ട്. ആയതിനാൽ പടനിലത്തുനിന്നും ബസ്സ് അനുവദിക്കേണ്ട ആവശ്യകതയില്ലായെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ